**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മുളവുകാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ജെഫേഴ്സൺ വി.ജെ.യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.14/2019/തസ്വഭവ                    തീയതി, തിരുവനന്തപുരം, 04.01.2019

===========================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.12.2016-ലെ ഇ 13-35598/2016 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 18.01.2017-ലെ 13934/ഡി3/2016/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 04.07.2017-ലെ ഇപിബി2/140/2017/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ജെഫേഴ്സൺ വി.ജെ. സമർപ്പിച്ച 06.10.2017-ലെ പ്രതിവാദ പത്രിക
5. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.11.2017-ലെ ഡി2-10449/17 നമ്പർ കത്ത്
6. പഞ്ചായത്ത് ഡയറക്ടറുടെ 27.12.2017-ലെ ഡി2-27756/17 നമ്പർ കത്ത്

**ഉത്തരവ്**

മുളവുകാട്, വല്ലാർപാടം ദേശത്ത് ശ്രീ. അഭിഷേക് ഫിലാജിയസ് എന്നയാളുടെ ഭവന നിർമ്മാണത്തിനുള്ള അപേക്ഷ ഓരോ ന്യായങ്ങൾ പറഞ്ഞ് മുളവുകാട് ഗ്രാമപഞ്ചായത്ത് അധികാരികൾ നിരസിക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുളവുകാട് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ പരാതിക്കാരൻ 11.10.2013-ൽ മുളവുകാട് വില്ലേജ് സർവ്വെ നമ്പർ 195/20-ൽപ്പെട്ട തന്റെ വസ്തുവിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി നൽകിയ അപേക്ഷ ടി വസ്തു CRZ-ൽ HTL-ൽ (കണ്ടം) നിന്നും 30 മീറ്റർ മാത്രം അകലയാണെന്ന് റിപ്പോർട്ട് രേഖപ്പെടുത്തി മുളവുകാട് പഞ്ചായത്തിലെ ചില ഉദ്യോഗസ്ഥർ നിരസിക്കുകയും എന്നാൽ ടിയാൾ പ്രസ്തുത സ്ഥലത്ത് വീട് പണിയുകയും ടി കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്തു കിട്ടുന്നതിന് വീണ്ടും അപേക്ഷ നൽകിയതിനെത്തുടർന്ന് പഞ്ചായത്ത് ഓവർസീയർ ശ്രീ. വാസുദേവ റാവുവിനെക്കൊണ്ട് വീണ്ടും അന്വേഷിപ്പിക്കുകയും ടിയാന്റെ അന്വേഷണത്തിൽ മുൻ ഓവർസീയർ ശ്രീമതി. സിന്ധു സമർപ്പിച്ച റിപ്പോർട്ടിനു വിരുദ്ധമായി ടി കെട്ടിടം CRZ പരിധിയിൽ വരാത്ത കണ്ടത്തിന്റെ അരികിലാണെന്നും നമ്പർ ഇട്ടു നൽകാം എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് പരസ്പര വിരുദ്ധമായ പരിശോധനാ റിപ്പോർട്ടുകൾ ഓവർസീയർമാർ നൽകിയതിനെത്തുടർന്ന് ഇക്കാര്യത്തിൽ തെറ്റായ റിപ്പോർട്ട് സമർപ്പിച്ച ഓവർസീയർക്കെതിരെയും KLZMA-യുടെ ഉത്തരവ് യഥാസമയം പരാതിക്കാരനെ രേഖാമൂലം അറിയിക്കാതിരുന്നതിന് മുളവുകാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കിനെതിരെയും വകുപ്പുതല നടപടി സ്വീകരിക്കുവാനും ഇക്കാര്യത്തിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെക്കൊണ്ട് അന്വേഷിപ്പിക്കുവാനും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്തിലെ

സീനിയർ ക്ലാർക്ക് ശ്രീ. ജെഫേഴ്സന് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കൂടാതെ ഈ വിഷയത്തിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ.അഭിഷേക് S/o ഫിലാജിയൂസ്, വലിയപറമ്പിൽ എന്നയാൾ ടിയാന്റെ ഉടമസ്ഥതയിലുള്ള മുളവ് കാട് വില്ലേജിലെ ബ്ലോക്ക് നം.2-ലെ 195/20 സർവ്വെ നമ്പറിൽപ്പെട്ട 4.97 ആർ (12.280 സെന്റ്) ഭൂമിയിൽ 195.84 ച.മീ. വിസ്തീർണ്ണം വരുന്ന റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 11.10.2013-ൽ പെർമ്മിറ്റ് അപേക്ഷ സമർപ്പക്കുകയും എ 3-4891/13 നമ്പരായി പഞ്ചായത്തിൽ ചേർക്കുകയുണ്ടായി. ടി പെർമ്മിറ്റ് അപേക്ഷയിൽ അന്നത്തെ ഓവർസിയറായിരുന്ന ശ്രീമതി. സിന്ധു സ്ഥലപരിശോധന നടത്തുകയും ബിൽഡിംഗ് ലൈനിൽ നിന്നും ഹൈടൈഡൽ ലൈൻ ഏകദേശം 30 മീറ്റർ ദൂരം മാത്രമേയുള്ളുവെന്നും ആയതിനാൽ ടി സ്ഥലം CRZ ൽ ഉൾപ്പെടുന്നു എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 30.10.2013-ൽ അപേക്ഷകന് പെർമ്മിറ്റ് അപേക്ഷ നിരസിച്ചു കൊണ്ട് കത്ത് നൽകിയതായി രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണെന്നും എന്നാൽ മെമ്പർ സെക്രട്ടറി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 21.07.2014 ലെ കത്തിൽ ടി സ്ഥലത്ത് കെട്ടിടനിർമ്മാണ അനുമതി നിരസിച്ചതായി അറിയിച്ചിട്ടുള്ളത് അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് അപേക്ഷകൻ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് വേണ്ടി 11.05.2016 ൽ പഞ്ചായത്തിൽ എ 3-3610/16 നമ്പരായി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ടി വാർഡിന്റെ പരിശോധനച്ചുമതലയുള്ള ഓവർസിയറായ ശ്രീ. വാസുദേവറാവു അന്വേഷിക്കുകയും നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത് കെ.പി.ബി.ആർ. പ്രകാരമാണെന്നും CRZ ബാധകമല്ലെന്നും റിപ്പോർട്ട് നൽകി .എന്നാൽ മെമ്പർ സെക്രട്ടറി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിർമ്മാണാനുമതിയില്ലാത്ത നിർമ്മാണമായതിനാൽ കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുവാൻ കഴിയുകയില്ലെന്ന് ടിയാനെ 10.06.2016 ലെ എ 3-3610/16 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിൽ പൊക്കാളി, തരിശു നിലങ്ങൾ വേലിയേറ്റ വേലിയിറക്കങ്ങൾ ബാധകമായ CRZ പ്രദേശങ്ങളാണ് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് കമ്മിറ്റിയുടെ സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് തെറ്റാണെന്നുള്ള വാസുദേവറാവു, ഓവർസിയറുടെ അന്വേഷണറിപ്പോർട്ട് എന്തടിസ്ഥാനത്തിലാണെന്ന് ബോദ്ധ്യപ്പെടുന്നില്ല. 10.06.2016 ലെ കത്ത് നൽകിയതിന് ശേഷം ടി ഫയലിൽ തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പെർമ്മിറ്റ് അപേക്ഷ നിരസിച്ചതിന് ശേഷമാണ് അപേക്ഷകൻ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് എന്ന് രേഖകളിൽ നിന്ന് വ്യക്തമാണ്.അപേക്ഷ സംബന്ധിച്ച് അന്വേഷണം നടത്തയിട്ടുള്ള ശ്രീമതി. സിന്ധുവിന്റെയും ശ്രീ. വാസുദേവറാവുവിന്റെയും റിപ്പോർട്ടുകൾ തമ്മിൽ വളരെ വ്യത്യാസമുണ്ട്. എങ്കിലും KCZMA യുടെ അനുമതി ഇല്ലാത്തതിനാൽ ശ്രീ. അഭിഷേകിന്റെ കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കാൻ സാധിക്കില്ല എന്ന് സെക്രട്ടറി കക്ഷിയെ അറിയിച്ചിട്ടുള്ളതിനാൽ ടി ഫയലിൽ തുടർനടപടി സ്വീകരിക്കുവാൻ സെക്രട്ടറിക്ക് സാദ്ധ്യമല്ലാത്തതാണന്നും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. ജെഫേഴ്സൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ജോലിത്തിരക്ക് മൂലമാണ് അപേക്ഷകന് കത്ത് രേഖാമൂലം നൽകുന്നതിൽ വീഴ്ച വന്നതെന്നും ആയത് മാപ്പാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെർമ്മിറ്റ് അപേക്ഷ നിരസിച്ചതിന് ശേഷമാണ് അപേക്ഷകൻ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും അപേക്ഷ സംബന്ധിച്ച് അന്വേഷണം നടത്തിയ റിപ്പോർട്ടുകൾ തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നും, KCZMA യുടെ അനുമതി

ഇല്ലാത്തതിനാൽ ശ്രീ. അഭിഷേകിന്റെ കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കാൻ സാധിക്കില്ലായെന്ന് സെക്രട്ടറി കക്ഷിയെ അറിയിച്ചിട്ടുള്ളതിനാൽ ടി ഫയലിൽ തുടർനടപടി സ്വീകരിക്കുവാൻ സെക്രട്ടറിക്ക് സാദ്ധ്യമല്ലാത്തതാണെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് അനുഭാവപൂർവ്വം പരിഗണിച്ച് ശ്രീ. ജെഫേഴ്സൻ വി.ജെ.യ്ക്കെതിരായ അച്ചടക്ക നടപടി 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ജെഫേഴ്സൻ വി.ജെ., സീനിയർ ക്ലാർക്ക്, മുളവുകാട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.ഡി3/583/2018/വിജി. തീയതി 02.08.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/140/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ